പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3269** **29. 01. 2014-** ലെ മറുപടി

**പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പ്രത്യേക പാക്കേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്ത് നിന്ന് തിരിച്ചെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മറ്റ് ഗൾഫ് രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന സ്വദേശിവത്കരണ നിയമം എന്നിവ മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസം മുൻ നിർത്തി സമഗ്രമായ ഒരു പുനരധിവാസ പാക്കേജിന് രൂപം നൽകി അത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>• തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>• ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം<br>• സ്വയം സംരംഭക സഹായ പദ്ധതി<br>• സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക<br>• സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ<br><br>പുനരധിവാസ പാക്കേജ് പ്രകാരം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനാരംഭിച്ചിട്ടേയുള്ളൂ. |
| (ബി) പ്രവാസി സംരക്ഷണത്തിന് പ്രത്യേക നയരൂപീകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) പ്രവാസി സംരക്ഷണത്തിന് പ്രത്യേക നയരൂപീകരണം നടത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ